തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഢിപ്പിച്ച കേസ്സിലെ പ്രതി അറസ്റ്റിൽ

# മൊബൈൽ മോഷണ കേസ്സിലെ പ്രതി പിടിയിൽ

## കോവിഡ്-19

## വിലക്ക് ലംഘനം: 110 പേർക്കെതിരെ നിയമനടപടി 35,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം : മെഡിക്കൽകോളേജ് പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നും പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വശീകരിച്ച് കൊണ്ടുപോയി പീഢിപ്പിച്ച കേസിലെ പ്രതി പിടിയിലായതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കൊല്ലം ജില്ലയിൽ വെളിനല്ലൂർ വില്ലേജിൽ വട്ടപ്പാറ, പെരുംപുറം കൊച്ചമ്പോണത്ത് തലയക്കൽ വീട്ടിൽ നൗഫൽ @ അപ്പു (20) വിനെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്. മെഡിക്കൽ കോളേജ്, പൂന്തി റോഡ് സ്വദേശിയായ 15 വയസ് മാത്രം പ്രായമുള്ള പെൺകുട്ടിയെ പ്രതി വശീകരിച്ച് ബൈക്കിൽ കടത്തിക്കൊണ്ട് പോയി കൊല്ലത്ത് വച്ച് പീഢിപ്പിക്കുകയായിരുന്നു.



മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്ത നൗഫൽ @ അപ്പു (20)

പെൺകുട്ടിയെ കടത്തിക്കൊണ്ട് പോയതായി വിവരം ലഭിച്ച ഉടൻ തന്നെ തിരുവനന്തപുരം സിറ്റി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ. ദിവ്യ.വി.ഗോപിനാഥിന്റെ നിർദ്ദേശാനുസരണം മെഡിക്കൽ കോളേജ് എസ്.എച്ച്.ഒ-യുടെ നേതൃത്വത്തിൽ

രൂപീകരിച്ച പ്രത്യേകസംഘം അന്വേഷണം ആരംഭിയ്ക്കുകയായിരുന്നു. പ്രതിയെക്കുറിച്ച് സൂചന ലഭിച്ച പോലീസ് സംഘം പ്രതിയുടെ നാടായ വെളിയം കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് പെൺകുട്ടിയെ കണ്ടെത്തിയത്. തുടർന്ന് സമീപ പ്രദേശത്ത് നിന്നും പ്രതിയെയും പ്രത്യേക അന്വേഷണസംഘം പിടികൂടുകയായിരുന്നു. എസ്.എച്ച്.ഒ ഹരിലാൽ, എസ്.ഐ-മാരായ പ്രശാന്ത്, ജ്യോതിഷ്, പ്രിയ, എസ്.സി.പി.ഒ രഞ്ജിത്, അനിൽ, സി.പി.ഒ വിനീത്, ഗോകുൽ, വനിതാ പോലീസ് ഉദ്യോഗസ്ഥരായ പ്രിജ, രജനി എന്നിവർ അടങ്ങിയ സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നല്കിയത്.

## മൊബൈൽ മോഷണ കേസ്സിലെ പ്രതി പിടിയിൽ

തിരുവനന്തപുരം:- വഞ്ചിയൂർ പാൽകുള ക്ഷേത്ര പരിസരത്ത് നിന്നും മൊബൈൽ ഫോൺ മോഷണം ചെയ്ത കേസ്സിലെ പ്രതി പിടിയിലായതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. എറണാകുളം ജില്ലയിൽ കാഞ്ഞിരമറ്റം വില്ലേജിൽ ആമ്പല്ലൂർ ദേശത്ത് ചേമ്പാല ഹൗസിൽ ശ്രീകുമാർ (59) നെയാണ് വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്തത്. പത്തനംതിട്ട ജില്ലയിൽ കോന്നി തണ്ണിത്തോട് ചരുവിള പുത്തൻവീട്ടിൽ മനോജിന്റെ മൊബൈൽ ഫോണാണ് മോഷണം പോയത്. തിരുവനന്തപുരം കോർപ്പറേഷനിൽ സാനിട്ടേഷൻ ജോലി നോക്കുന്ന മനോജ് പാൽക്കുള



വഞ്ചിയൂർ പോലീസ് പിടിയിലായ
ശ്രീകുമാർ (59)

ക്ഷേത്രക്കുളത്തിന്റെ കൽപ്പടവിൽ ഫോൺ വച്ചശേഷം കൈകാൽ കഴുകുന്നിതിനിടെയാണ് 28000/-രൂപ വില വരുന്ന മൊബൈൽ ഫോൺ മോഷണം പോകുന്നത്. മോഷണ വിവരം അറിഞ്ഞ് സ്ഥലത്തെത്തിയ വഞ്ചിയൂർ പോലീസ് സ്ഥലത്ത് സംശയാസ്പദമായി ഉണ്ടായിരുന്ന ആളിന്റെ വിവരങ്ങൾ ശേഖരിച്ച് നടത്തിയ അന്വേഷണത്തിൽ പിറ്റേന്ന് ഇതേ സ്ഥലത്ത് നിന്നും പ്രതിയെ പിടികൂടുകയായിരുന്നു. പ്രതിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ബീമാപള്ളിയിലെ ഒരുകടയിൽ നിന്നും മോഷണം പോയ മൊബൈൽ ഫോൺ പോലീസ് കണ്ടെടുക്കുകയായിരുന്നു. പ്രതി 20 വർഷങ്ങൾക്ക് മുമ്പ് എറണാകുളത്ത് നിന്ന് നാടുവിട്ട് തിരുവനന്തപുരത്ത് എത്തിയ ശേഷം പല സ്ഥലങ്ങളിലായി കഴിയുകയായിരുന്നു. പ്രതി മുമ്പും ഇത്തരത്തിലുള്ള ഏതെങ്കിലും കേസുകളിൽ പ്രതിയായിട്ടുണ്ടോയെന്നു വിശദമായ അന്വേഷണം നടത്തുന്നതാണെന്നും വഞ്ചിയൂർ പോലീസ് അറിയിച്ചു. വഞ്ചിയൂർ എസ്.എച്ച്.ഒ നിസ്സാം, എസ്.ഐ മാരായ ഉമേഷ്, പ്രജീഷ് കുമാർ, എ.എസ്.ഐ അനിൽ കുമാർ, സി.പി.ഒ ശിവപ്രസാദ് എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (03-12-2020) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 110 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 32 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 60 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 11 പേരിൽ

നിന്നുമായി 35,500/- രൂപ പിഴ ഈടാക്കി. കൂടാതെ, കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 4 കടകൾക്കെതിരെയും കോവിഡ് സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 3 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
03-12-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി